(ബി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നത് പരിഗണനയിലുണ്ടോ ; ഏതെല്ലാം ജില്ലകളിൽ എത്രവീതം ഫ്ലാറ്റുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത് ; ഇതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതികളിൽ ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 30,106 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗക്കാർക്കായി സൗജന്യമായി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നില്ല.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ സർക്കാർ ഭൂമി

280 (647) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് സർക്കാർ വിവിധ കാലയളവുകളിൽ സൗജന്യമായി വിതരണം ചെയ്ത ഭൂമി പ്രസ്തുത കക്ഷികളുടേയോ അവരുടെ പുതിയ തലമുറകളുടേയോ പക്കൽ തന്നെയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം വിതരണം ചെയ്യപ്പെട്ട ഭൂമി പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ട എത്ര സംഭവങ്ങളുണ്ട് ; ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ ;

(സി) സർക്കാർ പട്ടിക വർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതിയില്ലാതെ കൈമാറ്റം ചെയ്തതിനും ഇപ്രകാരമുള്ള ഭൂമി പട്ടികവർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തിയതിനും കേരളത്തിൽ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ഡി) പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുള്ള ഭൂമി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും അവർക്ക് നഷ്ടപ്പെടാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭ്യമായിട്ടില്ല.

(ബി) പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച ഭൂമി പട്ടയം നൽകി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ 20 കേസുകൾ നിലവിലുണ്ട്. മറ്റു ജില്ലയിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ പട്ടികവർഗ്ഗക്കാർക്കായി നൽകിയ ഭൂമി അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യുന്നതിനും ഇപ്രകാരമുള്ള ഭൂമി പട്ടികവർഗ്ഗക്കാരിൽ നിന്നും കൈവശപ്പെടുത്തുന്നതിനും കേരളത്തിൽ ആരുടെയും പേരിൽ കേസ് എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ വിതരണം ചെയ്യുന്ന ഭൂമി കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യരുത് എന്ന വ്യവസ്ഥയോടെയാണ് രജിസ്റ്റർ ചെയ്ത് നൽകുന്നത്. കൂടാതെ പുതിയ പദ്ധതികളിലൂടെ ഭൂമി അനുവദിക്കുമ്പോൾ രേഖകൾ 3 വർഷം വരെ ടി.ഇ.ഒ.-യുടെ പക്കൽ സൂക്ഷിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി വേണമെന്നിരിക്കെ സർക്കാർ പട്ടികവർഗ്ഗ വ്യക്തികൾക്ക് നൽകിയ ഭൂമി ടിയാൻമാരുടെയോ പിൻമുറക്കാരുടെയോ കൈവശത്തിൽ നിന്ന് അന്യാധീനപ്പെടുന്ന സാഹചര്യം ഇല്ലാ എന്നാണ് വിലയിരുത്തുന്നത്.

മോഡൽ കോളനി പദ്ധതി

281 (648) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളനി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly